"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - 'ജോബ് പോർട്ടലും ഓവർസീസ് റിക്രൂട്ട്മെന്റ് പ്രോജക്ട്" പദ്ധതി - 2025-2026 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ തുകയിൽ നിന്നും ആദ്യ ഗഡു പിൻവലിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.669/2025/NORKA തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.646/2025/നോർക്ക തീയതി 09.06.2025

2. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13.06.2025-ലെ ROOTS/1579/2024/-NRD1 നമ്പർ കത്ത്.

**ഉത്തരവ്**

'ജോബ് പോർട്ടൽ & ഓവർസീസ് റിക്രൂട്ട്മെന്റ് പ്രോജക്ട്" പദ്ധതിയുടെ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ '2230-01-103-13 (പ്ലാൻ)' ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ₹ 1,00,00,000/ (നൂറ് ലക്ഷം രൂപ മാത്രം) ചെലവഴിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ പരാമർശം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ജോബ് പോർട്ടൽ & ഓവർസീസ് റിക്രൂട്ട്മെന്റ് പ്രോജക്ടിന്റെ വിജയകരമായ നടത്തിപ്പിനായി അനുവദിക്കപ്പെട്ട തുകയിൽ നിന്നും ആദ്യ ഗഡുവായി ₹ 50,00,000/ (അമ്പത് ലക്ഷം രൂപ മാത്രം) റിലീസ് ചെയ്യണമെന്ന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജോബ് പോർട്ടൽ & ഓവർസീസ് റിക്രൂട്ട്മെന്റ് പ്രോജക്ട്" എന്ന പദ്ധതിക്കായി 2230-01-103-13 (പ്ലാൻ)" ശീർഷകത്തിൽ ചെലവഴിക്കുവാൻ ഭരണാനുമതി നൽയിട്ടുള്ള ₹ 1,00,00,000/ (നൂറ് ലക്ഷം രൂപ മാത്രം) രൂപയിൽ നിന്നും നിന്നും, ആദ്യ ഗഡുവായി ₹ 50,00,000/ ( അമ്പത് ലക്ഷം രൂപ മാത്രം) ശീർഷകത്തിന്റെ ഡി.ഡി.ഒ ആയ നോർക്ക റൂട്ട്സ് ഫിനാൻസ് & അക്കൗണ്ട്സ് മാനേജരുടെ പേരിൽ അനുവദിച്ചുകൊണ്ടും, ഈ തുക 010167D061 എന്ന ഡി.ഡി.ഒ. കോഡ് വഴി പിൻവലിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

3) പ്രസ്തുത ഫണ്ട് പിൻവലിക്കുന്നതിൽ നിലവിലുള്ള എല്ലാ വ്യവസ്ഥകളും നിബന്ധനകളും കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി സുനിൽ കുമാർ
അഡിഷണൽ സെക്രട്ടറി

1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, തിരുവനന്തപുരം.
2) ജനറൽ മാനേജർ, നോർക്ക റൂട്ട്സ്, തിരുവനന്തപുരം.
3) മാനേജർ, ഫിനാൻസ് & അക്കൗണ്ട്സ്, നോർക്ക റൂട്ട്സ്, തിരുവനന്തപുരം.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
5) ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
6) ആസൂത്രണവും സാമ്പത്തികവുംകാര്യ വകുപ്പ്
7) ധനകാര്യവകുപ്പ്
8) വിവര &പൊതുജനസമ്പർക്ക വകുപ്പ് (വെബ്&ന്യൂ മീഡിയ)
9) കേരളീയ പ്രവാസികാര്യ (ബി1) വകുപ്പ്
10) കരുതൽ ഫയൽ/ഓഫീസ് കോപ്പി. (NORKA-B2/259/2025)

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 18-06-2025 15:45:42
സെക്ഷൻ ഓഫീസർ